**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **06-10-2021 - ൽ മറുപടിയ്ക്ക്**

**സംരക്ഷിത സ്മാരകങ്ങളായി പുരാവസ്തു വകുപ്പ് പുതുതായി ഏറ്റെടുക്കാനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | കല്ലറ-പാങ്ങോട് സമരത്തിന്റെ ഭാഗമായി അവശേഷിക്കുന്ന പാങ്ങോട്ടെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പഴയ അഞ്ചലാപ്പീസ് എന്ന് അറിയപ്പെടുന്ന പോസ്റ്റ് ഓഫീസ് കെട്ടിടവും സ്ഥലവും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കാനുള്ള പുരാവസ്തു വകുപ്പിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | പാങ്ങോട്ടെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പഴയ അഞ്ചൽ ഓഫീസും പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ നിർമ്മിതികൾക്കു നൂറു വർഷം പഴക്കം ആയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, യഥാർത്ഥ നിർമ്മിതികൾ ഒട്ടനവധി കൂട്ടിച്ചേർക്കലുകൾക്കും നവീകരണങ്ങൾക്കും വിധേയമായിട്ടുണ്ട്. ആകയാൽ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം ഈ നിർമ്മിതികളെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് നിർവ്വാഹമില്ല. |
| (ബി) | സംരക്ഷിത സ്മാരകങ്ങളായി പുരാവസ്തു വകുപ്പ് പുതുതായി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം ചട്ടം 2 (എ) പ്രാചീന സ്മാരകത്തെ താഴെപ്പറയുംപ്രകാരം നിർവ്വചിക്കുന്നു. "ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശിൽപ്പ പരമായോ കൗതുക പ്രദമായതും, ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ വല്ലനിർമ്മാണമോ, എടുപ്പോ, സ്മാരകമോ അഥവാ വല്ല ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ, അഥവാ വല്ല ഗുഹയോ, പാറമേലുള്ള ശിൽപവേലയോ, ശിലാലിഖിതമോ, അഥവാ ഏക ശിലാസ്തംഭമോ എന്നർത്ഥമാകുന്നതും, അതിൽ (I) പ്രാചീന സ്മാരകത്തിന്റെ അവശിഷ്ടങ്ങളും (II) പ്രാചീന സ്മാരക സങ്കേതവും (III) പ്രാചീന സ്മാരകം വേലികെട്ടിതിരിക്കുന്നതിനോ, മറക്കുന്നതിനോ അഥവാ മറ്റ് വിധത്തിൽ സംരക്ഷിക്കുന്നതിനോ ആവശ്യമായി വരത്തക്കവിധം അങ്ങനെയുള്ള സ്മാരക സങ്കേതത്തോട് തൊട്ടടുത്ത് കിടക്കുന്ന ഭൂമിയുടെ ഭാഗവും (IV) പ്രാചീന സ്മാരകത്തിന്റെ അടുത്ത് ചെല്ലുവാനും അത് സൗകര്യപ്രദമായി പരിശോധിക്കുവാനുള്ള മാർഗ്ഗവും ഉൾപ്പെടുന്നതും എന്നാൽ ദേശീയ പ്രാധാന്യമുള്ളതാണെന്ന് പാർലമെന്റ് ഉണ്ടാക്കിയ |

| | | | |
|---|---|---|---|
| | | | നിയമം മൂലമോ, നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ട യാതൊരു പ്രാചീന സ്മാരകമോ, ചരിത്ര സ്മാരകമോ ഉൾപ്പെടാത്തതുമാകുന്നു." മേൽപ്പറഞ്ഞ തരത്തിലുള്ള സ്മാരകങ്ങളെയാണ് പ്രാചീന സ്മാരകങ്ങളായി സംരക്ഷിച്ചു പോരുന്നത്. |
| (സി) | വാമനപുരം നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകങ്ങളായി നിലനിർത്തിയിട്ടുള്ളവ ഏതൊക്കെയെന്നുള്ള വിശദവിവരം നൽകാമോ? | (സി) | വാമനപുരം അസംബ്ലി നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ച് പോരുന്ന സ്മാരകങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ